**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4393** **18-03-2025 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി നിരക്ക് വർദ്ധന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വൈദ്യുതി നിരക്ക് എത്ര പ്രാവശ്യം കൂട്ടിയിട്ടുണ്ടെന്നും എത്ര തുകയുടെ വർദ്ധനവാണ് 2016-ന് ശേഷം ഇതു വരെയുണ്ടായിട്ടുള്ളതെന്നും അറിയിക്കാമോ? | (എ) | സംസ്ഥാനത്ത് 2016 മെയ് മാസം മുതൽ നാളിതുവരെ അഞ്ച് തവണ വൈദ്യുതി നിരക്ക് വർധിപ്പിച്ചിട്ടുണ്ട്. 2017, 2019, 2022, 2023, 2024 എന്നീ വർഷങ്ങളിലാണ് താരിഫ് പരിഷ്കരണം നടന്നിട്ടുള്ളത്. 2017-ൽ 4.77%, 2019-ൽ 7.32%, 2022-ൽ 6.59%, 2023-ൽ 3.2%, 2024-ൽ 2.39% എന്നിങ്ങനെയായിരുന്നു വർദ്ധനവ്.<br><br>പ്രസ്തുത വർദ്ധനവിലൂടെ 2017-2018-ൽ 550 കോടി രൂപയുടെയും, 2019-2020-ൽ 902.90 കോടി രൂപയുടെയും, 2022-2023-ൽ 760 കോടി രൂപയുടെയും, 2023-2024-ൽ 532.50 കോടി രൂപയുടെയും അധിക വാർഷിക വരുമാനം കെ. എസ് .ഇ. ബി. ലിമിറ്റഡിന് ലഭിച്ചിരുന്നു. 2024-25-ലെ താരിഫ് പരിഷ്കരണം മൂലം 146 കോടി രൂപയുടെ അധികവരുമാനം ഈ സാമ്പത്തിക വർഷം ലഭ്യമാകുമെന്ന് കരുതുന്നു. |

സെക്ഷൻ ഓഫീസർ